ഡോ. എം. എ. കുട്ടപ്പൻ : സർ ഇപ്പോൾത്തന്നെ 8 സ്കീമുകൾ ഉണ്ട്. സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, ലഘു വായ്പാ പദ്ധതികൾ, വിദ്യാഭ്യാസ വായ്പാ പദ്ധതികൾ, വിവാഹ വായ്പാ പദ്ധതികൾ, കംപ്യൂട്ടർ വായ്പാ പദ്ധതികൾ, ടൂ വീലർ വായ്പാ പദ്ധതികൾ, അങ്ങനെ വിവിധങ്ങളായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി നല്ല പെർഫോമൻസ് ഉണ്ട്. ഈ കോർപ്പറേഷൻ 1995-ൽ ആണ് ആരംഭിച്ചത്. 1995-2001 കാലഘട്ടംവരെ 26,733 ബെനിഫിഷറിസിന് 101.97 കോടി രൂപ വായ്പ കൊടുത്തിട്ടുണ്ട്, 2001 മേയ് മാസം മുതൽ ഈ കഴിഞ്ഞ ജൂൺ മാസം 30 വരെയുള്ള രണ്ടേകാൽ വർഷം കൊണ്ട് 26,150 ബെനിഫിഷറീസിന് 98.63 കോടി രൂപ വായ്പ കൊടുത്തിട്ടുണ്ട്. നല്ല പെർഫോമൻസാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മെട്രോ വാട്ടർ സപ്ലൈ സംവിധാനം

3 (*435) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി ചെന്താമരാക്ഷൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി നിലവിലുള്ള ചെറുകിട ജലവിതരണ പദ്ധതികൾ കൈവിട്ടുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; എത്ര പദ്ധതികളാണ് കൈവിടാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതിനകം എത്ര പദ്ധതികൾ കൈവിടുകയുണ്ടായി ; പദ്ധതികൾ പഞ്ചായത്തുകൾക്ക് ഏത് തീയതിക്ക് മുമ്പ് കൈമാറണമെന്നാണ് എ.ഡി.ബി. നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ "മെട്രോ വാട്ടർ സപ്ലൈ" സംവിധാനത്തിന് കീഴിൽ കൊണ്ടുവരാനായി ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രത്യേക സംവിധാനത്തിൻ കീഴിലാക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് എന്ത് പ്രയോജനമാണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സർക്കാരിന്റെ നടപടികൾ കുടിവെള്ളത്തെ വിലയേറിയതും ഡിമാന്റുള്ളതുമായ ഉല്പന്നമാക്കി മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിവെള്ള രംഗത്ത് സ്വീകരിക്കുന്ന നയസമീപനങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കളെ പരിഗണിച്ചുകൊണ്ടുള്ളതാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇന്ത്യൻ ഭരണഘടനയിലെ 73, 74 വകുപ്പുകളുടെ ഭേദഗതിപ്രകാരം സർക്കാർ അധികാരവികേന്ദ്രീകരണം നടപ്പിലാക്കി. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട അധികാരങ്ങളെക്കുറിച്ച് പഠിച്ച് മാർഗ്ഗരേഖ തയ്യാറാക്കുവാൻ സർക്കാർ സെൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. സെൻകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഗ്രാമീണജനങ്ങളുടെ ജലാവശ്യം നിറവേറ്റുവാൻ കേരള വാട്ടർ അതോറിറ്റി എന്ന സ്ഥാപനത്തിനു മാത്രം സാധിക്കില്ലായെന്ന് കണ്ടു. മാത്രമല്ല വികേന്ദ്രീകൃത പരിപാടിയിൽ ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രാധാന്യം നൽകി പ്ലാൻ ഫണ്ടിന്റെ നിശ്ചിതപങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്നുള്ള നിർദ്ദേശവും സർക്കാരിനു ലഭിച്ചു. മാത്രവുമല്ല, നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പരിപാലനത്തിനാവശ്യമായ തുക കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയുന്നില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു പഞ്ചായത്തിനു മാത്രം പ്രയോജനപ്പെടുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ പരിപാലനം അതാത് പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്ന് 19-3-1998-ലെ ജി.ഒ.(എം.എസ്.)നമ്പർ 29/98/ഇറി.വ പ്രകാരം സർക്കാർ ഉത്തരവ് നൽകി. പ്രസ്തുത ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിട്ടി പരിപാലിച്ചു പോന്നിരുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ 1050 എണ്ണം അതാതു പഞ്ചായത്തിനുമാത്രം പ്രയോജനം നൽകുന്നതാണെന്ന് തിട്ടപ്പെടുത്തി. ഇതുപ്രകാരം 23-11-1998-ലെ ജി.ഒ.(എം.എസ്.)നമ്പർ 125/98/ഇറി.വ. അനുസരിച്ച് പ്രസ്തുത 1050 ശുദ്ധജലവിതരണ പദ്ധതികൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് അനുസരിച്ച് ശുദ്ധജലവിതരണ പദ്ധതികളുടെ പരിപാലനം ഏറ്റെടുക്കുവാൻ തയ്യാറായ പഞ്ചായത്തുകൾക്ക് 144 പദ്ധതികൾ കൈമാറിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് പദ്ധതികൾ കൈമാറുന്നതിനെക്കുറിച്ച് എ.ഡി.ബി.യുടെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) കുടിവെള്ളരംഗത്ത് സ്വീകരിക്കുന്ന നയസമീപനങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കളുടെ കാര്യം പരിഗണിച്ചുകൊണ്ടാണ് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly